# സഭാതര്‍ക്കം: പരാജയപ്പെട്ട അന്യായങ്ങള്‍

**മലങ്കര സഭയില്‍ സമാധാനം മാത്രമാണ് പോംവഴിയെന്നു മാത്രമല്ല അതിനു തടസ്സം നില്‍ക്കുന്നതു പാത്രിയാര്‍ക്കീസ് വിഭാഗമാണെന്നും സുപ്രീംകോടതി വിധിയില്‍ വ്യക്തമാക്കുന്നു**

■ പോള്‍ മണലില്‍



കോലഞ്ചേരി പള്ളി സംഘര്‍ഷ നാളുകളില്‍ (ഫയല്‍ ചിത്രം)

മലങ്കരസഭയുടെ കീഴിലുള്ള പള്ളികളെല്ലാം 1934-ലെ സഭാ ഭരണഘടന അനുസരിച്ചുവേണം ഭരണം നടത്തേണ്ടതെന്നു വ്യക്തമാക്കി 2017 ജൂലൈ മൂന്നിനു സുപ്രീംകോടതി ഒരു വിധി പ്രസ്താവിക്കുകയുണ്ടായി. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി, വരിക്കോലി സെന്റ് മേരീസ് പള്ളി, മണ്ണത്തൂർ സെന്റ് ജോർജ്ജ് പള്ളി, നെച്ചൂർ പള്ളി എന്നിവിടങ്ങളിൽ ഉണ്ടായ തർക്കത്തെത്തുടർന്നു പാത്രിയാർക്കീസ് പക്ഷം നൽകിയ ഹർജി തള്ളിക്കൊണ്ടാണ് സുപ്രീംകോടതി ഈ സുപ്രധാന വിധി നടത്തിയത്.

വ്യവഹാരങ്ങളും പ്രതിസന്ധികളുമായി നൂറ്റാണ്ടുകളായി കേരളം കേന്ദ്രീകരിച്ചു പ്രവർത്തിച്ചുവരുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ഇനി ആശ്വസിക്കാം. സഭയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുയായികൾക്കു ഇനി രണ്ടു മാർഗ്ഗങ്ങൾ മാത്രം-ഒന്നുകിൽ സഭയുടെ ഭരണഘടന അനുസരിച്ചു പ്രവർത്തിക്കുക, അല്ലെങ്കിൽ സ്വതന്ത്രമായ വേറെ മാർഗ്ഗം സ്വീകരിക്കുക.

തദ്ദേശീയ സഭയെന്ന നിലയിൽ നൂറ്റാണ്ടുകളായി പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ ആയിരത്തിലധികം വരുന്ന പള്ളികളേയും അതിന്റെ കീഴിലുള്ള വസ്തുക്കളും സ്വത്തുക്കളും സംബന്ധിച്ചുള്ള മറ്റു കാര്യങ്ങളേയും മുൻനിർത്തിയുള്ള ഒരു വെറും വിധി മാത്രമാണ് ഇതെന്നു കാണാൻ കഴിയില്ല. റഷ്യൻ ഓർത്തഡോക്സ് സഭ, റുമേനിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ, ഗ്രീക്ക് ഓർത്തഡോക്സ് സഭ എന്നിങ്ങനെയുള്ള ദേശീയ സഭകൾപോലെ ഇന്ത്യൻ ഓർത്തഡോക്സ് സഭയായി പ്രവർത്തിക്കുന്ന മലങ്കരസഭയുടെ വ്യവസ്ഥാപിതമായ ഭരണഘടനയെ സുപ്രീം കോടതി സ്വതന്ത്രവും അഖണ്ഡവുമായ അടിസ്ഥാനമായി ഒരിക്കൽക്കൂടി ഉറപ്പിച്ചു പ്രഖ്യാപിച്ചിരിക്കുകയാണ്.

ഒരു തദ്ദേശീയ സഭയായി വളർന്നു വികസിച്ചുവന്ന മലങ്കര ഓർത്തഡോക്സ് സഭ നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടുന്നതിനു മുൻപുതന്നെ ഭരണഘടനയുണ്ടാക്കി ഒരു ദേശീയ സഭയായി പ്രവർത്തിച്ചു വരികയായിരുന്നു. എ.ഡി. ഒന്നാം നൂറ്റാണ്ടു മുതൽ ഈ തദ്ദേശീയ സഭ നിലനിന്നിരുന്നെങ്കിലും അതു ഏതെങ്കിലും ആഗോളസഭയുടെ ഭാഗമായിട്ടല്ല വളർന്നുവന്നത്. ക്രിസ്തുമതം യൂറോപ്പിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയോ റോമിലെ മതമായി അതു പ്രതിഷ്ഠ നേടുകയോ ചെയ്യുന്നതിനു മൂന്നു നൂറ്റാണ്ട് മുൻപ് അതു കേരളത്തിൽ പ്രചരിച്ചു തുടങ്ങിയിരുന്നെങ്കിലും ഈ തദ്ദേശീയ സഭയെ വിദേശ ശക്തികൾ അവരുടെ ലൗകികാധികാരത്തിന്റേയും വിശ്വാസത്തിന്റേയും നുകത്തിൽ കെട്ടിയിടാനും നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ശ്രമം തുടങ്ങിയിരുന്നു.

ഭാരതത്തിൽ ക്രിസ്തുമതം ഉദ്ഘോഷിച്ച ക്രിസ്തുശിഷ്യനായ സെന്റ് തോമസിന്റെ നാമത്തിലായിരുന്നു ഇവിടുത്തെ ക്രൈസ്തവ സമൂഹം ആദിമ നൂറ്റാണ്ടുകൾ മുതൽ അറിയപ്പെട്ടിരുന്നത്-അതായത് മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന്. ഇപ്രകാരം ലോകത്തൊരിടത്തും ഏതെങ്കിലും ഒരു ക്രിസ്തുശിഷ്യന്റെ നാമത്തിൽ ഇങ്ങനെ ഒരു ക്രൈസ്തവ പാരമ്പര്യമില്ല. മാർ



യാക്കോബായ സഭയുടെ ആസ്ഥാനമായ പുത്തൻകുരിശിലെ പാത്രിയാർക്കാ സെന്റർ



ഓർത്തഡോക്സ് സഭയുടെ ആസ്ഥാനമായ കോട്ടയത്തെ ദേവലോകം അരമന

ത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യവും ചരിത്രവും പഠിക്കാൻ ഇപ്പോഴും വിദേശത്തുനിന്നു പണ്ഡിതന്മാർ കേരളത്തിലെത്തുന്നുണ്ട്.

ഒരു ജാതിയായി കേരളത്തിൽ വളർന്നുവന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു ആദിമകാലം മുതൽ ആരാധിക്കാൻ സുറിയാനി ഭാഷയിലായിരുന്നു പ്രാർത്ഥനകൾ ഉണ്ടായിരുന്നത്. മലയാള ഭാഷ ഉണ്ടാകുന്നതിനു മുൻപ് സുറിയാനി ഭാഷയിൽ ആരാധന നടത്തിയിരുന്നതിനാൽ തദ്ദേശ ക്രിസ്ത്യാനികളെ സുറിയാനി ക്രിസ്ത്യാനികൾ എന്നു വിളിക്കുന്ന പാരമ്പര്യവും ഉണ്ടായി.

കേരളത്തിൽ പോർച്ചുഗീസുകാർ എത്തുന്നതുവരെ തദ്ദേശീയ ക്രിസ്ത്യാനികളുടെ ആരാധനാഭാഷ സുറിയാനിയായിരുന്നു. കേരളത്തിൽ ആദിമ നൂറ്റാണ്ടു മുതൽ പേർഷ്യൻ വാണിജ്യബന്ധം ഉണ്ടായിരുന്നതിനാൽ അതിനൊപ്പം പൗരസ്ത്യ സഭയുമായുള്ള ബന്ധവും ഉടലെടുത്തു. അവരിൽനിന്നാണ് പൗരസ്ത്യ സുറിയാനി ഇവിടെ പ്രചരിച്ചതും അതു തദ്ദേശീയരായ ആരാധനാ ഭാഷയായതും.

## അന്ധമായ അന്ത്യോഖ്യാ ഭക്തി

ഇപ്രകാരമുള്ള പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിനു ക്ഷയം സംഭവിക്കുന്നതു 19-ാം നൂറ്റാണ്ടിലാണ്. അന്ത്യോഖ്യൻ ബന്ധം ഇക്കാലത്തു ശക്തിപ്പെട്ടതിനെത്തുടർന്നു തദ്ദേശീയരുടെ ആരാധന പാശ്ചാത്യ സുറിയാനിയിലായി. പാശ്ചാത്യ സുറിയാനി ആരാധനാക്രമങ്ങളുടെ സ്വാധീനവും സാമീപ്യവും ക്രമേണ അന്ത്യോഖ്യ വിശ്വാസത്തിലേയ്ക്കും കുറേ തദ്ദേശീയരെ വലിച്ചിഴച്ചു. അന്ധമായ അന്ത്യോഖ്യാ ഭക്തിയുടെ ഫലമായി ഉണ്ടായതാണിത്.

മലങ്കരസഭയുടെ അന്ത്യോഖ്യൻ ബന്ധം ആരംഭിക്കുന്നതു 1653-ലെ വിഖ്യാതമായ കൂനൻകുരിശ് പ്രഖ്യാപനത്തിനു ശേഷമായിരുന്നു. ഭാരത സ്വാതന്ത്ര്യസമരത്തിലെ ആദ്യത്തെ മുന്നേറ്റമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന കൂനൻകുരിശ് പ്രഖ്യാപനം അരങ്ങേറിയതു തദ്ദേശീയ ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യബോധത്തിൽ



പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ

നിന്നായിരുന്നു. പോർച്ചുഗീസുകാരുടെ ആഗമനത്തോടെ തദ്ദേശീയരായ സുറിയാനി ക്രിസ്ത്യാനികളെ റോമാനുകത്തിൽ കൊണ്ടുവരാൻ പോർച്ചുഗീസുകാരനായ ആർച്ച് ബിഷപ്പ് മെനസിസ് 1599-ൽ ഉദയംപേരൂരിൽ വിളിച്ചുകൂട്ടിയ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പള്ളി പ്രതിപുരുഷയോഗമായിരുന്നല്ലോ ഉദയംപേരൂർ സമ്മേളനം. അതിനുശേഷം അരനൂറ്റാണ്ട് റോമാനുകത്തിൽ കഴിഞ്ഞ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യബോധത്തിന്റേയും ദേശത്തനിമയുടേയും വിളംബരമായിരുന്നു കൂനൻകുരിശ് പ്രഖ്യാപനം. ഇതിനുശേഷം തുടർന്നും റോമാഭരണത്തിൽ കഴിഞ്ഞ സുറിയാനി ക്രിസ്ത്യാനികളെ 'പഴയ കൂറ്റു'കാരെന്നും സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി പഴയ മാർഗ്ഗത്തിൽത്തന്നെ തുടർന്നവരെ 'പുത്തൻ കൂറ്റു'കാരെന്നും ചരിത്രം രേഖപ്പെടുത്തി! ഭാരതസഭയിൽ ഇപ്രകാരം ആരംഭിച്ച പിളർപ്പിന്റേയും അധീശത്വത്തിന്റേയും വ്യവഹാരങ്ങളുടേയും നിയമപരമായ പര്യവസാനമാണ് 2017 ജൂലൈ മൂന്നിനു ഉണ്ടായിരുന്നത്.

ഉദയംപേരൂർ സമ്മേളനം മുതൽ തദ്ദേശ സഭയിൽ ആരംഭിച്ച പ്രതിസന്ധികളുടേയും പ്രശ്നങ്ങളുടേയും ഫലമായി കാലാകാലങ്ങളിൽ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കു തകർച്ചയും ശൈഥില്യവും അധഃപതനവും ഉണ്ടായി. 1847 മു



ശ്രേഷ്ഠ കാതോലിക്ക തോമസ് പ്രഥമൻ

തൽ 1908 വരെ കേരളത്തിലെ നായർ സമുദായത്തിൽ ഉണ്ടായ സാമൂഹിക പരിണാമങ്ങളുടേയും ചരിത്രസംഭവങ്ങളുടേയും പശ്ചാത്തലത്തിൽ റോബിൻ ജെഫ്റി എഴുതിയ ഗ്രന്ഥമായ 'നായർ മേധാവിത്വത്തിന്റെ പതനം' നായർ സമുദായം വിവിധ രംഗങ്ങളിൽ പുലർത്തിയിരുന്ന മേധാവിത്വത്തിനും പ്രബലതയ്ക്കും ഉണ്ടായ അധഃപതനത്തെ വരച്ചുകാണിക്കുന്നതുപോലെ ഉദയംപേരൂർ മുതലുള്ള ചരിത്രം വിലയിരുത്തിയാൽ സുറിയാനി ക്രിസ്ത്യാനികളുടെ വിവിധ രംഗങ്ങളിലുള്ള ശൈഥില്യം തിരിച്ചറിയാൻ കഴിയും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ വ്യവഹാര ചരിത്രത്തിൽ മൂന്നാം സമുദായക്കേസ് എന്ന പേരിൽ 1995-ൽ പാത്രിയാർക്കീസ് വിഭാഗത്തിന്റെ നായകനായ തോമസ് പ്രഥമൻ എന്നറിയപ്പെടുന്ന ശ്രേഷ്ഠ കാതോലിക്കാ ആരംഭിച്ച വ്യവഹാരം കേരളത്തിലെ അവശേഷിക്കുന്ന പരമ്പരാഗത സുറിയാനി ക്രിസ്ത്യാനികളുടെ അസ്തിത്വത്തിൽ അവസാനത്തെ ആണിയടിക്കാനുള്ള ഉദ്യമമായിരുന്നെങ്കിലും 2017 ജൂലൈ മൂന്നിലെ സുപ്രീംകോടതി വിധി ഒരു സംസ്കാരത്തിനും തദ്ദേശത്തനിമയ്ക്കും പുതുജീവൻ പകർന്നുകൊടുക്കുന്ന ഒന്നായി.

ഇപ്പോഴത്തെ സുപ്രീംകോടതി വിധി പ്രകാരം മലങ്കരസഭയിൽ ഇനി യാക്കോബായ സഭ എന്നൊരു

സമാന്തര സഭയില്ല. 1995-ൽ ആരംഭിച്ച് 2017-ൽ അവസാനിച്ചിരിക്കുന്ന മൂന്നാം സമുദായക്കേസിന്റെ ഒരു പ്രധാന കാര്യമാണിത്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 1934-ലെ ഭരണഘടന അനുസരിക്കുന്നവർക്കു മാത്രമാണ്-അതു സാധാരണ വിശ്വാസി ആയാലും വൈദികനായാലും മെത്രാനായാലും-മലങ്കരസഭയിൽ പ്രവർത്തിക്കാൻ അവകാശമുള്ളത്. ഇടവക പള്ളികൾ സ്വതന്ത്രമല്ലെന്നും അതും 1934-ലെ ഭരണഘടന പ്രകാരമാണ് ഭരിക്കേണ്ടതെന്നും വിധി വ്യക്തമാക്കുന്നു. ഏതെങ്കിലും പള്ളിയിൽ വിഘടിതർക്കു ഭൂരിപക്ഷം അംഗങ്ങൾ ഉണ്ടെങ്കിലും പള്ളിയുടെ സ്വത്തോ ഭരണമോ അവർക്ക് അവകാശപ്പെട്ടതല്ല. അതിന്റെ അടിസ്ഥാനവും 1934-ലെ ഭരണഘടന തന്നെ.

മൂന്നാം സമുദായക്കേസിൽ ഉൾപ്പെട്ടവർക്കു മാത്രമല്ല, മുൻപു സമുദായക്കേസിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും പള്ളികൾക്കും എല്ലാം ഇപ്പോഴത്തെ സുപ്രീംകോടതി വിധി ബാധകമാണ്. 1934-ലെ ഭരണഘടന പ്രകാരം കോട്ടയം ദേവലോകം അരമന കേന്ദ്രമാക്കി ഭരണം നടത്തുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പൊലീത്തായും ആയ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയാണ് ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധികാരി, മലങ്കരസഭയുടെ ആത്മീയവും ലൗകികവുമായ എല്ലാ കാര്യങ്ങളുടേയും പരമാധികാരിയായ അദ്ദേഹത്തെ ധിക്കരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരയിൽ ഒരു അവകാശവുമില്ല.

മലങ്കരസഭയിൽ പ്രവർത്തിക്കുമ്പോഴാണ് 2002-ൽ വിഘടിതർ സ്വന്തമായി ഭരണഘടന ഉണ്ടാക്കി യാക്കോബായ സഭ എന്ന പേരിൽ സമാന്തര ഭരണം നടത്തിയത്. സുപ്രീംകോടതിയുടെ വിധി പ്രകാരം മലങ്കരസഭയിലെ ഒരു ഇടവക പള്ളിയിൽ ഉള്ള അംഗങ്ങൾക്കു ഭൂരിപക്ഷം ഉണ്ടെങ്കിലും ഇല്ലെങ്കിലും സ്വതന്ത്രമായി സ്വത്തുമായി വിട്ടുപോകാൻ പറ്റില്ല. സമാന്തര ഭരണം നടത്തുന്ന തരത്തിൽ ഏതെങ്കിലും പുതിയ ട്രസ്റ്റ് ഉണ്ടാക്കുന്നതും സ്വത്തു സമ്പാദിക്കുന്നതും മലങ്കരസഭയിൽ തുടരുന്ന കാലത്തു ആർക്കും അനുവദനീയമല്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരസഭയിൽ പരമാധികാരം നൽകുന്ന തരത്തിൽ പുതിയ ഭരണഘടന ഉണ്ടാക്കിയ ബുദ്ധിയേയും സുപ്രീംകോടതി വിധിയിൽ നിരാകരിക്കുന്നു. 1934-ലെ ഭരണഘടന ലംഘിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരയിൽ സമാന്തരഭരണം നടത്താൻ ഇനി പറ്റില്ല. 1934-ലെ ഭരണഘടനയ്ക്കു വിരുദ്ധമായി ഇടവക പള്ളികൾക്കും വ്യക്തികൾക്കും ട്രസ്റ്റ് പോലെ പുതിയ നിയമം ഉണ്ടാക്കി സഭയുടെ പേരിൽ സ്വത്തു സമ്പാദിക്കാനും അതു സ്വതന്ത്രമായി നടത്താനും സു



വരിക്കോലി പള്ളി

പ്രീം കോടിയുടെ പുതിയ വിധി വില ക്കുന്നു. ഇപ്പോൾ പാത്രിയാർക്കീസ് വിഭാഗത്തിന്റെ ആസ്ഥാനമായ പുത്തൻകുരിശിലെ സ്വത്ത് ഇപ്ര കാരം പുതിയ ട്രസ്റ്റ് ഉണ്ടാക്കി സ്വരൂപിച്ചതാണ്. ഇത്തരത്തിലുള്ള സ്വത്തിന്റേയും മറ്റും അവസ്ഥ ഭാവിയിൽ പാത്രീയാർക്കീസ് വിഭാഗ ത്തിനു മാത്രമല്ല മാത്രമല്ല, സഭയിലെ മറ്റുള്ള, ചോദ്യം ചെയ്യേണ്ടവർക്കും. പാത്രീയാർക്കീസ് വിഭാഗത്തിലെ ചില മെത്രാന്മാർക്കും ഇപ്രകാരം ട്രസ്റ്റുകൾ ഉള്ളതുപോലെ മലങ്കര ഓർത്തഡോക്സ് സഭയിലെ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസിനും സ്വകാര്യ ട്രസ്റ്റുണ്ട്. ഇതെല്ലാം സഭയ്ക്കു നൽകേണ്ടിവരും.

## വിധി വഴികാട്ടിയാകുമ്പോൾ

സുപ്രീംകോടതിയുടെ വിധി ഇതര സമുദായങ്ങൾക്കും ഭാവിയിൽ ബാധകമാകാം. ഉദാഹരണമായി നായർ സർവ്വീസ് സൊസൈറ്റിയിലോ എസ്.എൻ.ഡി.പിയിലോ അല്ലെങ്കിൽ മുസ്ലിം സമുദായത്തിന്റെ ഏതെങ്കിലും പ്രസ്ഥാനത്തിലോ സമാനമായ തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ, അവർക്കും അതിന്റെ ഭരണഘടന പ്രകാരം നീതി നടപ്പാക്കാൻ കഴിയും. അതായതു നമ്മുടെ രാജ്യത്തിന്റെ വ്യവസ്ഥാപിത ചട്ടക്കൂട്ടിൽനിന്നു പ്രവർത്തിക്കാൻ ഇവിടുത്തെ ഓരോ സമുദായത്തിനും ഉള്ള ഉത്തരവാദിത്വവും ധർമ്മവുമാണ് സഭാക്കേസിലെ സുപ്രീംകോടതി വിധി ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയെ പൗരന്മാർ മാനിക്കുന്നതുപോലെ ഓരോ സമുദായത്തിന്റേയും പ്രസ്ഥാനത്തിന്റേയും ഭരണഘടനയേയും അംഗങ്ങൾ മാനിക്കണം. ആരും നിയമവിരുദ്ധമായി പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. അതു ഒരു വ്യവസ്ഥിതിയുടെ ഭാഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽനിന്നു നീതി കിട്ടുന്നില്ലെന്നു പ്രചരണം നടത്തി ഇതര സമുദായങ്ങളുടേയും ഇതര ക്രൈസ്തവ സഭകളുടേയും പിന്തുണ നേടിയെടുക്കാൻ പാത്രീയാർക്കീസ് വിഭാഗത്തിന്റെ തലവനായ തോമസ് പ്രഥമൻ ഇത്രയും കാലം വിജയപൂർവ്വം പ്രവർത്തിച്ചിരുന്നു. സഭയുടെ ജീർണ്ണത ഒഴിവാക്കാൻ പാത്രീയാർക്കീസ് വിഭാഗം അത്തരം ഉദ്യമങ്ങളിൽനിന്നു പിന്മാറണമെന്നും കോടതി ഉപദേശിക്കുന്നുണ്ട്. കോടതി വിലക്ക് ഏർപ്പെടുത്തിയിട്ടുള്ള പള്ളികളിലും സ്ഥാപനങ്ങളിലും അതിക്രമിച്ചു കടക്കുകയും ശവസംസ്കാരം നടത്താൻ അനുവദിക്കുന്നില്ലെന്നു പ്രചരിപ്പിക്കുകയും ചെയ്യുന്ന തന്ത്രങ്ങൾ അതിൽ ചിലതു മാത്രം. മലങ്കരസഭയിൽ അംഗമാണെങ്കിൽ മാത്രമേ പള്ളികളിൽ ശവസംസ്കാരം പോലും നടത്താൻ കഴിയൂ എന്നാണ് സുപ്രീംകോടതി ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നത്. അതായത് ആത്മീയവും ലൗകികവുമായ എല്ലാ അനുഭവങ്ങളും സ്വീകരിക്കാൻ പള്ളിയിലെ അംഗങ്ങൾ 1934–ലെ ഭരണഘടന അനുസരിക്കുന്നവരാകണം.

സുപ്രീംകോടതി വിധി പ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആശീർവ്വാദത്തോടെ ഭരണം നടത്തുന്ന മണർക്കാട് സെന്റ് മേരീസ് പള്ളി, കോതമംഗലം ചെറിയ പള്ളി, മുളന്തുരുത്തി പള്ളി, കരിങ്ങാച്ചിറ പള്ളി എന്നിവയുടെ ഭരണം പോലും ചോദ്യം ചെയ്യപ്പെടുകയാണ്. അവിടുത്തെ അധികാരവും ധനവും ഇനി ഇടവകപ്പള്ളിയുടെ അധികാരത്തിൽ വരികയില്ല. അതു മാത്രമല്ല; മലബാർ, ബത്തേരി, കൊച്ചി തുടങ്ങിയ ഭദ്രാസനങ്ങളിൽ ഭാഗം വച്ചു പിരിഞ്ഞ പള്ളികൾപോലും ഇനി സ്വതന്ത്രമല്ലാതായിരിക്കുന്നു. യാക്കോബായ സഭയുടെ പേരിൽ ഇനി വെല്ലൂർ മെഡിക്കൽ കോളേജിലോ ലുധിയാന മെഡിക്കൽ കോളേജിലോ മെഡിക്കൽ പഠനത്തിന് ഒരു സീറ്റ് യാക്കോബായ വിഭാഗത്തിലെ ഒരാൾക്കു ലഭിച്ചാൽ അതു മലങ്കരസഭയിലെ ഒരംഗത്തിനു ഇനി കോടതിയിൽ ചോദ്യം ചെയ്യാം. മലങ്കരസഭയിലെ ഒരംഗം എന്ന നിലയിൽ യാക്കോബായവിഭാഗത്തിലെ ഏതെങ്കിലും പള്ളിയിൽനിന്നു ലഭിക്കുന്ന മാമ്മോദീസാ സർട്ടിഫിക്കറ്റിനും വിവാഹ സർട്ടിഫിക്കറ്റിനും ഇനി വില ഉണ്ടാകുമോ? കാരണം അങ്ങനെ ഒരു സഭയില്ല! സങ്കീർണ്ണമായ ഇത്തരം ഒട്ടേറെ പ്രശ്നങ്ങൾ വേറെ കിടക്കുന്നു. 2002–നു മുൻപു പാത്രീയാർക്കീസ് വിഭാഗം ഉണ്ടാക്കിയ പള്ളികളും സമ്പാദിച്ച സ്വത്തും തർക്കത്തിലാകാം. 2002–ലെ പാത്രീയാർക്കീസ് വിഭാഗത്തിന്റെ ഭരണഘടന പ്രകാരം ഉണ്ടാക്കിയ പള്ളികളും വസ്തുക്കളും ഇനി തർക്കത്തിലേയ്ക്കു വന്നേക്കാം. 2002–ൽ പാത്രീയാർക്കീസ് വിഭാഗം ഉണ്ടാക്കിയ ഭരണഘടന പ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസ് വാഴിച്ച വൈദികരുടേയും മെത്രാന്മാരുടേയും പൗരോഹിത്യ സ്ഥാനത്തിനും വിലയില്ലാതാകും. മലങ്കര സഭയുടെ പാർലമെന്റ് എന്നു വിശേഷിപ്പിക്കപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തെരഞ്ഞെടുക്കാത്ത തോമസ് പ്രഥമൻ എന്ന ശ്രേഷ്ഠ കാതോലിക്കായുടെ സ്ഥാനവും ഏട്ടിലെ പശുവിനെപ്പോലെ ആയിരിക്കുന്നു. യാക്കോബായ വിഭാഗത്തിന്റെ മെത്രാന്മാരേയും വൈദികരേയും മലങ്കരസഭ ഇനി സ്വീകരിക്കണമെങ്കിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വിളിച്ചുകൂട്ടി അനുമതി തേടണം.

പൗരാണിക സുറിയാനി ക്രിസ്ത്യാനികളുടെ പിന്തുടർച്ച അവകാശപ്പെടുന്ന മലങ്കര ഓർത്തഡോക്സ് സഭയെ ഇനി വ്യവഹാരങ്ങളിലേക്കും തർക്കത്തിലേക്കും വീണ്ടും തള്ളിവിട്ടാൽ അധഃപതിച്ചു പോകുന്നത് ഈ സമുദായത്തിലെ അംഗങ്ങൾ മാത്രമല്ല, കേരളത്തിലെ ക്രൈസ്തവസമൂഹം തന്നെയാണ്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ വിദ്യാഭ്യാസരംഗത്തും ആതുര ശുശ്രൂഷാരംഗത്തും വ്യവസായ-വാണിജ്യരംഗത്തും ഒട്ടേറെ സംഭാവനകൾ ചെയ്തിട്ടുണ്ട്. മലങ്കരസഭയിൽ തർക്കം ഉണ്ടാകുന്നതിനു മുൻപു രാഷ്ട്രീയരംഗത്തും സാമൂഹികരംഗത്തും അതൊരു നിർണ്ണായക ശക്തിയായിരുന്നു.

## വ്യവഹാര പരമ്പരകൾ

മലങ്കരസഭയിൽ വ്യവഹാരങ്ങളും തർക്കങ്ങളും പത്തൊൻപതാം നൂ

റ്റാണ്ട് മുതൽ ആരംഭിച്ച ചരിത്രമാണ്. 1840-ൽ തീർപ്പ് കല്പിച്ച കൊച്ചിൻ അവാർഡ്, 1852-ൽ തീർപ്പായ കൊല്ലം പഞ്ചായത്ത് എന്നിവയ്ക്കു ശേഷം 1886-ൽ ആരംഭിച്ച സെമിനാരിക്കേസ് മുതലാണ് മലങ്കരസഭയിൽ വ്യവഹാരങ്ങളുടെ പരമ്പര തുടങ്ങുന്നത്. മലങ്കര സഭയിൽ നവീകരണ സിദ്ധാന്തങ്ങളുടെ സ്വാധീനത്തെ തുടർന്നാണ് സെമിനാരിക്കേസ് തുടങ്ങിയത്. ഈ കേസിൽ 1889-ൽ റോയൽ കോടതി വിധിയെ തുടർന്നു മലങ്കരസഭ പിളർന്നു. സ്വത്തിന്റെ അവകാശം മലങ്കരസഭയിൽ നിലനിന്നെങ്കിലും കേസിൽ തോറ്റവർ 1889-ൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭ ഉണ്ടാക്കി. തുടർന്നു മലങ്കര സഭ നേരിട്ടതു വട്ടിപ്പണക്കേസാണ്. ആദ്യ വട്ടിപ്പണക്കേസ് 1894-ൽ തുടങ്ങി 1902-ൽ അവസാനിച്ചു. വട്ടിപ്പണത്തിന്റെ അവകാശം സംബന്ധിച്ച് അന്ത്യോഖ്യാ പാത്രിയാർക്കീസിന്റെ അനുയായികൾ രംഗത്തു വന്നതിനെ തുടർന്നാണ് മലങ്കരസഭയെ തളർത്തിയ വട്ടിപ്പണക്കേസിന്റെ റിവ്യു ഉണ്ടായത്. 1913-ൽ തുടങ്ങിയ ആദ്യ കേസിൽ മലങ്കരസഭയ്ക്കു അനുകൂലമായി ജില്ലാ കോടതിയിൽ 1919-ൽ വിധി ഉണ്ടായെങ്കിലും പാത്രിയർക്കീസ് പക്ഷത്തിനു അനുകൂലമായി 1923-ൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ വിധി വന്നു. ഈ അപ്പീൽ കേസിൽ പാത്രിയർക്കീസ് പക്ഷത്തിനുവേണ്ടി വാദിക്കാനായിരുന്നു പിൽക്കാലത്തെ തിരുവിതാംകൂർ ദിവാനായ സി.പി. രാമസ്വാമി അയ്യർ കേരളത്തിൽ എത്തുന്നത്. അപ്പീൽ കേസിൽ ജയിച്ചെങ്കിലും വട്ടിപ്പണക്കേസിന്റെ, റിവ്യൂക്കേസിൽ പാത്രിയർക്കീസ് വിഭാഗം തോറ്റു. പാത്രിയർക്കീസ് പക്ഷത്തിന്റെ പ്രധാന അഭിഭാഷകനായിരുന്ന സി.പി. രാമസ്വാമി അയ്യരുടെ സുറിയാനി ക്രിസ്ത്യാനി വിരോധവും ഇതോടെയാണ് തുടങ്ങിയത്. മലങ്കരസഭയ്ക്കു വേണ്ടി പിന്നണിയിൽ നിലകൊണ്ട കെ.സി. മാമ്മൻ മാപ്പിളയാണ് തന്റെ പരാജയത്തിനു മുഖ്യകാരണമെന്നു സി.പി. രാമസ്വാമി അയ്യർ കരുതി. ആ വിദ്വേഷം മലയാള മനോരമ അടച്ചുപൂട്ടുന്നതുവരെയെത്തി.

വട്ടിപ്പണക്കേസിൽ തോറ്റതിനെ തുടർന്നു വിഘടിതർ മലങ്കര മെത്രാപ്പൊലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ സുറിയാനിക്കാരുടെ മേലദ്ധ്യക്ഷൻ എന്ന സ്ഥാനത്തുനിന്നു സസ്പെൻഡ് ചെയ്തു. ഇതു സംബന്ധിച്ച കേസ് 1932 വരെ നീണ്ടെങ്കിലും പാത്രിയാർക്കീസ് വിഭാഗത്തിനു കേസുമായി മുന്നേറാൻ കഴിഞ്ഞില്ല.



വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

അന്ത്യോഖ്യരുടെ കൈകടത്തൽ മലങ്കരസഭയ്ക്കു ദോഷം ചെയ്യുമെന്നു തിരിച്ചറിഞ്ഞ മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് ആണ് സഭയ്ക്കു ശക്തമായ ഒരു ഭരണഘടന ഉണ്ടാക്കിയത്. മലങ്കരസഭയുടെ പൂർവ്വികമായ നാമം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എന്നാണെന്നും മാർത്തോമ്മാ ശ്ലീഹായിൽ സ്ഥാപിതമായ പൗരസ്ത്യ ഓർത്തഡോക്സ് സഭയിൽ ഉൾപ്പെട്ട ഈ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും ആണെന്നും ഭരണഘടനയുടെ ആമുഖത്തിൽത്തന്നെ പറയുന്നുണ്ട്.

കാതോലിക്കായുടെ സഹകരണത്തോടെ കാനോനികമായി വാഴിക്കപ്പെടുന്ന അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരസഭ അംഗീകരിക്കുന്നുവെന്നും ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഇപ്പോഴത്തെ അന്ത്യോഖ്യാ പാത്രിയർക്കീസിനെ വാഴിച്ചിരിക്കുന്നതു പാത്രിയാർക്കീസ് വിഭാഗത്തിന്റെ നായകനായ തോമസ് പ്രഥമന്റെ സഹകരണത്തോടെയായതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ഭരണഘടനാ ലംഘനമാണ് നടത്തിയിരിക്കുന്നത്.

വട്ടിപ്പണക്കേസിന്റെ പരാജയവും 1934-ലെ സഭാ ഭരണഘടനയും മലങ്കരയിൽ അന്ത്യോഖ്യാ പാത്രിയാർക്കീസിന്റെ ലൗകികാധിപത്യത്തിനു തടയിട്ടെങ്കിലും സഭയിലെ ഛിദ്രശക്തികൾ വെറുതെയിരുന്നില്ല. ഒന്നാം സമുദായക്കേസ് 1938-ൽ കോട്ടയം ജില്ലാ കോടതിയിൽ തുടങ്ങി. വിഘടിത സംഘത്തിലെ മൂന്നുപേരാണ് ഒന്നാം സമുദായക്കേസിലെ വാദികൾ. ഈ കേസ് തുടർന്നു ഹൈക്കോടതിയിലും സുപ്രീംകോടതിയിലും എത്തി. 1958-ൽ വിധി മലങ്കരസഭയ്ക്കു അനുകൂലമായി ഉണ്ടായതിനെ തുടർന്നാണ് സഭയിൽ സമാധാനം പുനഃസ്ഥാപിച്ചത്. എന്നാൽ, അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭാ ഭരണഘടനയെ അവഗണിച്ചുകൊണ്ട് മെത്രാനെ വാഴിക്കുകയും ഭിന്നത ഉണ്ടാക്കുകയും ചെയ്തതിനെത്തുടർന്നു 1974-ൽ രണ്ടാം സമുദായക്കേസ് തുടങ്ങി. 1995-ലാണ് ഈ കേസ് അവസാനിച്ചത്. 1995-ലെ സുപ്രീംകോടതിയുടെ വിധിയുടെ ചുവടുപിടിച്ചാണ് മൂന്നാം സമുദായക്കേസിൽ 2017-ലെ സുപ്രീംകോടതിവിധി. പാത്രിയാർക്കീസ് വിഭാഗത്തിന് വാദങ്ങളുടെ എല്ലാ പഴുതുകളും അടച്ചുകൊണ്ട് നടത്തിയ ഈ വിധിയോടെ സഭയിൽ സമാധാനം മാത്രമാണ് പോംവഴിയെന്നു മാത്രമല്ല, അതിനു തടസ്സം നിൽക്കുന്നതു പാത്രിയാർക്കീസ് വിഭാഗമാണെന്നും സുപ്രീംകോടതി വ്യക്തമാക്കിയിരിക്കുന്നു. സുപ്രീംകോടതി വിധി ഇനി നടപ്പാക്കേണ്ടതു സംസ്ഥാന സർക്കാരാണ്. പൊലീസ് ഇനി എങ്ങനെ ഇതിനെ കൈകാര്യം ചെയ്യും? ●